**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5118** **20-07-2022 - ൽ മറുപടിയ്ക്ക്**

**കേരള മാരിടൈം ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കേരള മാരിടൈം ബോർഡ് എന്നാണ് നിലവിൽ വന്നതെന്നും നാളിതുവരെ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അറിയിക്കാമോ; | (എ) | കേരളാ മാരിടൈം ബോർഡ് ആക്ട് 16-09-2017 ൽ നിലവിൽ വന്നു. സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കേരള മാരിടൈം ബോർഡ് നടപ്പിലാക്കിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>**വിഴിഞ്ഞം**<br><br>വിഴിഞ്ഞം സീവേർഡ് ബ്രേക്ക് വാട്ടർ, ലീവേർഡ് ബ്രേക്ക് വാട്ടർ എന്നിവയുടെ പുലിമുട്ട് റെക്ടിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. ഐ.എസ്.പി.എസ് സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഐ.ആർ.എസ് സർവ്വേ Port Facility Security Assessment (PFSA), Port Facility Security Plan (PFSP) എന്നിവ Mercantile Marine Department-ൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. സി. സി. ടി. വി സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**കൊല്ലം**<br><br>കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് ഗേറ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിച്ചു. കെ. ഐ. വി ഓഫീസ് കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായി വരുന്നു. കൊല്ലം തുറമുഖത്ത് വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡിപിആർ തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം തുറമുഖത്ത് ഐ. എസ്.പി. എസ് നടപ്പിലാക്കുന്ന പദ്ധതി അവസാനഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | **ആലപ്പുഴ**<br><br>ആലപ്പുഴ തുറമുഖത്ത് ഉദ്യോഗാർഥികൾക്ക് ബോട്ട് ക്രൂ ട്രെയിനിംഗ് നടത്തുന്നതിനു വേണ്ടി ഒരു മാരിടൈം ട്രെയിനിങ് ഹാൾ നിർമ്മാണം പൂർത്തിയാക്കി. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മുസിരിസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന കെട്ടിടങ്ങളുടെ നവീകരണം പൂർത്തിയാക്കി. മ്യൂസിയം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.<br><br>**ബേപ്പൂർ**<br><br>തുറമുഖ ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 3.83 ഏക്കർ ഭൂമി ഏറ്റെടുത്തു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡി. പി. ആർ തയ്യാറാക്കി സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ. എസ്. പി. എസ് സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിനായി Port Facility Security Assessment (PFSA), Port Facility Security Plan (PFSP) സർവ്വേകൾ നടത്തി. തുറമുഖത്ത് ഇ. ഡി. ഐ സംവിധാനം പൂർത്തിയായിവരുന്നു. തുറമുഖത്തേക്ക് റോഡ്/റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ഐ. പി. ആർ സി. എൽ കമ്പനി മുഖാന്തിരം ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്, ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>തലശ്ശേരി കടൽപ്പാലത്തെ പൈതൃകമായി നിലനിർത്തുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിക്കാൻ ഐ. ഐ. ടി ചെന്നൈയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**അഴീക്കൽ**<br><br>തുറമുഖത്ത് ഇ. ഡി. ഐ സംവിധാനം ഒരുക്കി എമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു അതോടൊപ്പം ഐ. എസ്. പി. എസ് കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ബോർഡിന്റെ ഏതെല്ലാം വരുമാന മാർഗ്ഗങ്ങളിലാണ് വർദ്ധനവുണ്ടായിട്ടുള്ളതെന്നും ഇതുവരെയുള്ള കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | മാമ്പൽ ഡ്രഡ്ജിങ്, ഹെവി ലൈസൻസ്, കെ.ഐ.വി. രജിസ്ട്രേഷൻ, സർവ്വേ ഹാർബർ ക്രാഫ്റ്റ് നിയമപ്രകാരമുള്ള ക്രൂ ലൈസൻസുകൾ, ഷിപ്പിംഗ് ഓപ്പറേഷൻ എന്നീ ഇനങ്ങളിലെല്ലാം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള മാരിടൈം |

| | | | |
|---|---|---|---|
| | | | ബോർഡ് രൂപീകൃതമായതിനുശേഷം 47 കണ്ടെയ്നറുകളിൽ എഫ്.സി.ഐ ക്കുള്ള അരി കൊച്ചിയിൽ നിന്നും കൊല്ലം തുറമുഖത്ത് ഇറക്കുമതി ചെയ്തിട്ടുണ്ട്. ബോർഡ് നിലവിൽ വന്നതിനുശേഷം പൊന്നാനി തുറമുഖ പരിധിയിൽ ടൂറിസ്റ്റ് ബോട്ടുകളുടെ സർവീസ് ആരംഭിക്കുകയും ഇതിലൂടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വാടക ഇനത്തിലും പൊന്നാനി തുറമുഖത്ത് വരുമാനം ലഭിക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖത്ത് കേരള മാരിടൈം ബോർഡ് നിലവിൽ വന്നതിനുശേഷം ഇന്റർനാഷണൽ ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തന മാരംഭിക്കുകയും ആയതിലൂടെ 10 കോടിയോളം രൂപ വരുമാനമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനുപുറമേ കോസ്റ്റൽ വെസലുകളിലെ ക്രൂ ചെയ്ഞ്ചിങ് ആരംഭിച്ചതിലൂടെയും തുറമുഖത്ത് വരുമാനം വർദ്ധിച്ചിട്ടുണ്ട്. കോഴിക്കോട് പോർട്ടിൽ ഷിപ്പിംഗ് ഓപ്പറേഷൻ മാനുവൽ ഡ്രഡ്ജിംഗ്,തുറമുഖ ഭൂമി ലൈസൻസ് വാടക നൽകുന്നത് എന്നിവയാണ് ബോർഡിന്റെ വരുമാനമാർഗ്ഗം. തുറമുഖ വകുപ്പിന്റെ ആസ്തികൾ കേരള മാരിടൈം ബോർഡിലേക്ക് കൈമാറിയ 2019 2020 സാമ്പത്തിക വർഷം മുതലുള്ള വാർഷിക അക്കൗണ്ട് തയ്യാറാക്കിവരികയാണ്. ആയതു പൂർത്തിയായതിനുശേഷം ഓഡിറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ